# KORUTHODU, MUNDAKKAYAM
# ST. MARY'S CHURCH



1962–ൽ കുടിയേറ്റ പ്രദേശമായ കോരുത്തോട്ടിലെ എട്ടു വീട്ടുകാർ ചേർന്ന് ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ആരാധനാലയം പണിയണമെന്ന് തീരുമാനിച്ചു.

അരീപ്പറമ്പിൽ ശ്രീ. ചുമ്മാർ തോമസ് പള്ളി പണിയുന്നതിനായി ഒരേക്കർ സ്ഥലം ദാനമായി നൽകാമെന്ന് സമ്മതിച്ചു. ആ സ്ഥലത്ത് പരി: ദൈവമാതാവിന്റെ നാമത്തിൽ പുല്ലുമേഞ്ഞ് ഒരു ആലയം ഉണ്ടാക്കി. 1962 – ജനുവരി 16–ാം തീയതി ബഹു. മോശ അച്ചൻ പള്ളിയുടെ താൽക്കാലിക കൂദാശ നടത്തി വി. കുർബ്ബാന അർപ്പിച്ചു.

പുല്ലു മേഞ്ഞ പള്ളിയായതിനാൽ രണ്ടുവർഷം കൊണ്ട് പള്ളി ജീർണ്ണിക്കുകയും ചെയ്തു. അതിനാൽ കുറെക്കൂടി ഭംഗിയായ രീതിയിൽ പള്ളി പണിയണമെന്ന് ആഗ്രഹിച്ചു. ആ സമയം പ്രപ്പോസ് പള്ളി പൊളിച്ച് പണി നടക്കുന്നതിനാൽ ആ പള്ളിയുടെ പഴയ ഉരുപ്പടികൾ എല്ലാം തന്നു. അവ കൊണ്ടുവന്ന് പുല്ലുമേഞ്ഞ പള്ളിയുടെ സ്ഥലത്തു നിന്ന് മാറി സൗകര്യപ്രദമായ സ്ഥലത്ത് 35 സെന്റ് സ്ഥലം വാങ്ങി. അവിടെ രണ്ടാമതൊരു ദേവാലയം നിർമ്മിച്ചു. അവിടെ 1964 ജനുവരി 16 ന് താൽക്കാലിക കൂദാശ നടത്തി. ബഹു. മോശ അച്ചൻ തന്നെ വി.കുർബ്ബാന അനുഷ്ഠിച്ചു. ആദ്യത്തെ 10 വർഷം ആണ്ടിൽ ഒരിക്കൽ ഒരു കുർബ്ബാനയും പിന്നീട് മാസത്തിൽ ഒരു ശനിയാഴ്ചയും വി. കുർബ്ബാന നടന്നുവന്നു. ബഹു. മോശ അച്ചൻ 16 വർഷം ഈ പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിച്ചു. ബഹു. അച്ചൻ ത്യാഗം ചെയ്ത് അനുഷ്ഠിച്ച സേവനത്തെ നന്ദിയോടെ ഇന്നും ഈ ഇടവക ഓർക്കുന്നു.

1980 –ൽ ബഹു. മോശ അച്ചൻ എരുമേലി പള്ളിയിൽ നിന്നും, ഈ പള്ളിയിൽ നിന്നും വിരമിച്ചു. അതിനെ തുടർന്ന് കരിമ്പിൽ ബഹു. വർഗീസ് ഫിലിപ്പ് അച്ചൻ (ഇന്നത്തെ ഗീവർഗീസ് മോർ ദിവന്നാസ്യോസ് തിരുമേനി) ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് പൗലൂസ് ദ്വിതീയന്റെ കൽപ്പനപ്രകാരം കോരുത്തോട് സെന്റ് മേരീസ് പള്ളിയുടെ വികാരിയായി സ്ഥാനമേറ്റു. ആ ഭൂമി വിറ്റ് കോരുത്തോടിന്റെ ഹൃദയഭാഗത്ത് ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലത്ത് 70 സെന്റ് സ്ഥലം വാങ്ങി. അവിടെ ഇപ്പോൾ കാണുന്ന പള്ളി പണിയുവാൻ തീരുമാനിച്ചു. ബഹു. വർഗീസ് ഫിലിപ്പ് അച്ചൻ ഈ പള്ളിയുടെയും അതുപോലെ തന്നെ കാരിക്കാമറ്റം സെന്റ് സൈമൺസ് പള്ളിയുടെയും വികാരി ആയതിനാൽ ബഹു. അച്ചന്റെ ശ്രമഫലമായി നല്ലൊരു തുക ആ പള്ളിയിൽ നിന്നും പിരിച്ചു. ബഹു. കോട്ടപ്പറമ്പിൽ ജോർജ്ജ് ജേക്കബ് അച്ചനും സഹായിയായിരുന്നു.

syrianchurch.org

അങ്ങനെ കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്ത അഭി. കുര്യാക്കോസ് മോർ കൂറിലോസ് തിരുമേനി 3–1–78 –ൽ ഈ പള്ളിയുടെ ശിലാസ്ഥാപനം നടത്തി. പള്ളിപണിക്കുവേണ്ടി ആദ്യം പുല്ല് മേഞ്ഞ് ഉണ്ടാക്കിയ പള്ളിസ്ഥലം വിറ്റു. ആ പണം പുതിയ പള്ളിപണിക്കു വേണ്ടി ഉപയോഗിച്ചു. അങ്ങനെ ഇപ്പോൾ കാണുന്ന ദൈവാലയം ഇടവകക്കാരുടെ പൂർണ്ണമായ സഹകരണത്തിൽ പണിതു. ശ്രേഷ്ഠ കാതോലിക്കാ ബാവാ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ഈ പള്ളിയുടെ കൂദാശ നടത്തി (1980 ജനുവരി 16, 17). പിന്നീട് അന്നത്തെ സഹവികാരി ബഹു. കാവുങ്കൽ മാത്യൂസ് അച്ചൻ മൂന്ന് വർഷം സേവനം അനുഷ്ഠിച്ചു. പിന്നീട് ഫാ. ജേക്കബ് ചെറിയാൻ മണ്ണൂർ സേവനം അനുഷ്ഠിച്ചു. അച്ചന്റെ സേവന കാലത്ത് കോരുത്തോട് ജംഗ്ഷനിൽ വലിയകാലായിൽ ജോസഫ് മത്തായി ദാനമായി തന്ന സ്ഥലത്ത് കുരിശിൻതൊട്ടിക്ക് കല്ലിടുകയും ചെയ്തു. പിന്നീട് ബഹു. മംഗലത്ത് കുര്യാക്കോസ് അച്ചൻ വന്നു. അച്ചന്റെ സേവനകാലത്ത് കുരിശിൻതൊട്ടി പണിതീർത്തു. 1987 മേയ് 31–ാം തീയതി അഭി: ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത ഇതിന്റെ കൂദാശ നടത്തി. പിന്നീട് ബഹു. ചട്ടത്തിൽ ഗീവർഗീസ് അച്ചൻ വന്നു. അച്ചന്റെ സേവനകാലത്ത് പള്ളിമുറിയുടെ പണിതുടങ്ങി, അത് പൂർത്തീകരിച്ചു. പിന്നീട് ബഹു. തേക്കാനത്ത് ഗീവർഗീസ് അച്ചൻ വന്നു. അച്ചന്റെ സേവനകാല ത്ത് മദ്ബഹായുടെ കല്ലിടീൽ നടത്തുകയും ചെയ്തു. അച്ചൻ ഇടവക സന്ദർശിച്ച് കൂടുതൽ ഇടവകജനങ്ങളെ പള്ളിയിൽ കൊണ്ടുവന്നു. പിന്നീട് ബഹു. തോമസ് കുളത്തിങ്കൽ അച്ചൻ വരികയും മദ്ബഹായുടെ പണി പൂർത്തീകരിക്കുകയും ചെയ്തു (ബഹു. ചട്ടത്തിൽ അച്ചന് ശേഷം ബഹു. കോമടത്തുശ്ശേരി ജേക്കബ് അച്ചൻ വരികയും, അച്ചന്റെ സേവനകാലത്ത് പള്ളിയുടെ തെക്കുഭാഗത്ത് ഒരു ചെറിയ കുരിശിൻതൊട്ടി സ്ഥാപിക്കുകയും ചെയ്തു). അതിനുശേഷം ബഹു. അജി മാത്യു അച്ചൻ കരിമ്പനയ്ക്കൽ, ബഹു. ഫിലിപ്പോസ് അച്ചൻ കോട്ടപ്പുറത്ത്, ബഹു. ബാബു അച്ചൻ വടക്കെപ്പറമ്പിൽ, ബഹു. മണ്ണൂർ സഖറിയ അച്ചൻ, ബഹു. ബിനോയി വള്ളിക്കാട്ടിൽ അച്ചൻ, ബഹു. തോമസ് വള്ളിക്കാട്ടിൽ അച്ചൻ എന്നിവർ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ ഈ പള്ളിയിൽ വികാരിയായി ബഹു. തേക്കാനത്ത് ഗീവർഗീസ് അച്ചനും സഹവികാരിയായി ബഹു. തോമസ് വള്ളിക്കാട്ടിൽ അച്ചനും സേവനം അനുഷ്ഠിക്കുന്നു.

ഇപ്പോൾ 45 വീട്ടുകാർ ഈ ഇടവകയിൽ ഉണ്ട്. എല്ലാ ഭക്തസംഘടനകളും പ്രവർത്തിച്ചു വരുന്നു. ഈ പള്ളിയുടെ കീഴിൽ വി: ഗീവർഗീസ് സഹദായുടെ നാമത്തിൽ അരീപ്പറമ്പിൽ ശ്രീ മാത്യു തോമസ് ദാനമായി തന്ന സ്ഥലത്ത് ചണ്ണപ്ലാവിൽ ഒരു കുരിശിൻതൊട്ടിയും കോരുത്തോട് ജംഗ്ഷനിൽ മാതാവിന്റെ നാമത്തിൽ മറ്റൊരു കുരിശിൻതൊട്ടിയും ഉണ്ട്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org